മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 1

# വാർത്താക്കുറിപ്പ്

## രാജ്യാന്തര വെബിനാർ ഇന്ന് ( മാർച്ച് - 2)

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അയ്യങ്കാളി ചെയറും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ചും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ജാതി : മേൽകോയ്മയുടെയും പ്രതിരോധത്തിന്റെയും പുതിയ ഘട്ടം' എന്ന വിഷയത്തെക്കുറിച്ചുള്ള രാജ്യാന്തര വെബിനാർ ഇന്ന് ( മാർച്ച് 2) നടക്കും. യു.ജി.സി. മുൻ ചെയർമാനും ജവഹർലാൽ നെഹ്റു സർവ്വകലാശാലാ എമിരറ്റസ് പ്രൊഫസ്സറുമായ സുഖ്ദേവ് തൊറാട്ട് മുഖ്യപ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി. ടി. അരവിന്ദ കുമാർ പരിപാടി ഉദ്ഘാടനം ചെയ്യും.

ജർമനിയിലെ ഗോട്ടിങ്ങൻ സർവ്വകലാശാലയിലെ ഇന്ത്യാ പഠനവിഭാഗം പ്രൊഫസർ രൂപാ വിശ്വനാഥ്, സ്വതന്ത്ര ഗവേഷകനായ ഡോ. റോസ് മല്ലിക, ജാമിയ മില്ലിയയിലെ കെ.ആർ. നാരായണൻ, ചെയർ പ്രൊഫസർ പത്മനാഭ സമരേന്ദ്ര, മസാച്ച്യുസെറ്റ്സ് വില്യം കോളേജിലെ ഡോ. ജോയൽ ലീ തുടങ്ങിയവർ സംസാരിക്കും. കാനഡയിലെ മൊണ്ട് വിൻസെന്റ് സർവ്വകലാശാല എമിരറ്റസ് പ്രൊഫസർ ജോസഫ് താരാമംഗലം, പ്രൊഫ. പി. സനൽ മോഹൻ, ഡോ. സുജിത് കുമാർ പാറയിൽ എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/241/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ